പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3659 — 20/10/2016-ൽ മറുപടിക്ക്

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ ഇപ്പോഴത്തെ അധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് എൽ.പി., യു.പി., എച്ച്.എസ്. എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(എ) I മുതൽ V വരെ ക്ലാസുകളിൽ 1:30, VI മുതൽ VIII വരെ 1:35, IX, X ക്ലാസുകളിൽ 1:45 എന്നിങ്ങനെയാണ് ഇപ്പോൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവർത്തിച്ചുവരുന്ന അദ്ധ്യാപക- വിദ്യാർത്ഥി അനുപാതം.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള എയ്ഡഡ് സ്കൂളുകളിൽ പുതിയ അധ്യാപക നിയമനത്തിന് വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിക്കുമ്പോൾ മേൽ പറഞ്ഞ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം തന്നെയാണ് അനുവർത്തിക്കുന്നത്.

(സി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്തെ സ്കൂളുകളിൽ അധ്യാപക - വിദ്യാർത്ഥി അനുപാതം പുന:പരിശോധിക്കേണ്ടതായി വരുമോ;

(സി) 1 മുതൽ 8 വരെ ക്ലാസുകളുടെ കാര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്നത് പ്രകാരവും 9, 10 ക്ലാസുകളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരവുമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമാണ് നിലവിൽ പിൻതുടർന്ന് വരുന്നത്.

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമം ബഹു. ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ, അധ്യാപക - വിദ്യാർത്ഥി അനുപാതം പുന:പരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ